# ശ്രീനാരായണഗുരു

---

- സാമൂഹിക പരിഷ്കർത്താവ്
- നവോത്ഥാന നായകൻ
- ജനനം: 1856
- മരണം: 1928

ഈഴവ സമുദായത്തിൽ ജനിച്ച അദ്ദേഹം സവർണ്ണമേധാവിത്വത്തിനും സമൂഹതിന്മകൾക്കും എതിരെ കേരളത്തിലെ താഴ്ന്ന ജാതിക്കാർക്ക് പുതിയമുഖം നൽകി.

കേരളത്തിലെ ജാതി വ്യവസ്ഥയെ ചോദ്യം ചെയ്ത ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക പരിഷ്കർത്താവാണ് ശ്രീ നാരായണ ഗുരു. അന്ന് കേരളത്തിൽ നിലനിന്നിരുന്ന സവർണ മേൽക്കോയ്മ, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ തുടങ്ങിയ ശാപങ്ങൾക്കെതിരെ അദ്ദേഹം പ്രവർത്തിച്ചു.

PSCNET.in

ബ്രാഹ്മണരേയും മറ്റ് സവർണഹിന്ദുക്കളെയും കുറ്റപ്പെടുത്തുന്നതിനു പകരം ഗുരു വിദ്യാലയങ്ങളും ക്ഷേത്രങ്ങളും സ്ഥാപിച്ച് അവർണ്ണരുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിച്ചു.

മറ്റുള്ളവരോടുള്ള തുറന്ന സമീപനവും അഹിംസാപരമായ തത്ത്വചിന്തയും അദ്ദേഹത്തിന്റെ മുഖമുദ്രകളായിരുന്നു. സാമൂഹ്യതിന്മകൾക്കെതിരെയുള്ള പോരാട്ടമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

"**ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്** " ഇതായിരുന്നു അദ്ദേഹത്തിന്റെ ആദർശവും ജീവിതലക്ഷ്യവും.

തന്റെ സാമൂഹിക പരിഷ്കാരങ്ങൾ പ്രചരിപ്പിക്കാനായി ഡോ. പൽപുവിന്റെ പ്രേരണയാൽ അദ്ദേഹം 1903-ൽ ശ്രീ നാരായണ ധർമ്മ പരിപാലന യോഗം സ്ഥാപിച്ചു.

**"മതമേതായാലുംമനുഷ്യൻ നന്നായാൽ മതി"** എന്നാണ് അദ്ദേഹത്തിന്റെ ആപ്തവാക്യം.

**ജീവിതരേഖ**

---

☗ 1856 ജനനം (ജനനവർഷം സംബന്ധിച്ച് തർക്കമുണ്ട്. 1854,1855,1856 എന്നീ വർഷങ്ങൾ പറയാറുണ്ട്. 1855ആണ് ശിവഗിരി മഠം അംഗീകരിച്ചിട്ടുള്ളത് )

☗ 1877 ഗുരുകുല സമ്പ്രദായത്തിൽ ഉപരിപഠനം പൂർത്തിയായി

☗ 1882 വിവാഹം

☗ 1885 അച്ഛന്റെ മരണം

☗ 1888 അരുവിപ്പുറം ശിവപ്രതിഷ്ഠ

☗ 1892 കുമാരനാശാനെ കണ്ടുമുട്ടുന്നു

☗ 1898 അരുവിപ്പുറം ക്ഷേത്രയോഗം

☗ 1903 എസ്.എൻ.ഡി.പി. യോഗം തുടങ്ങി

☗ 1908 തലശ്ശേരി ജഗന്നാഥ പ്രതി

☗ 1913 ആലുവ അദ്വൈതാശ്രമസ്ഥാപനം

☗ 1916 നമ്മുക്ക് ജാതിയില്ല വിളംബരം

- 1918 ആദ്യ സിലോൺ യാത്ര
- 1922 രവീന്ദ്രനാഥ ടാഗോറിനെ കണ്ടുമുട്ടി
- 1924 ആലുവ സർവ്വമതസമ്മേളനം
- 1925 വൈക്കം സത്യാഗ്രഹം; ഗാന്ധിജിയുടെ സന്ദർശനം
- 1926 രണ്ടാം സിലോൺ യാത്ര
- 1928 സമാധി

## സാഹിത്യസംഭാവനകൾ

ശ്രീനാരായണഗുരുവിനെ ഒരു മതപരിഷ്കർത്താവ്, സമുദായോദ്ധാരകൻ, എന്നീ നിലകളിലാണ് കൂടുതൽ പേരും അറിയുന്നത്. ഒരു കവി കൂടിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ സന്ദേശത്തിന്റെ നല്ലൊരു ഭാഗവും കാവ്യ രൂപത്തിലുള്ളവയാണ്. ദർശനമാല തുടങ്ങി സംസ്കൃതത്തിലും, ആത്മോപദേശശതകം തുടങ്ങി മലയാളത്തിലുമായി അനേകം കൃതികൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്.

# ശ്രീനാരായണഗുരുവിന്റെ പ്രധാനകൃതികൾ

## ദാർശനീകകൃതികൾ

- ആത്മോപദേശശതകം
- ദൈവദശകം
- ദർശനമാല
- അദ്വൈതദീപിക
- അറിവ്
- ബ്രഹ്മവിദ്യാപഞ്ചകം
- നിർവൃതിപഞ്ചകം
- ശ്ലോകത്രയീ
- ഹോമമന്ത്രം
- വേദാന്തസൂത്രം

## പ്രബോധനകൃതികൾ

- ജാതിനിർണ്ണയം

PSCNET.in

- മതമീമാംസ
- ജാതിലക്ഷണം
- സദാചാരം
- ജീവകാരുണ്യപഞ്ചകം
- അനുകമ്പാദശകം
- ധർമ്മ
- ആശ്രമം
- മുനിചര്യാപഞ്ചകം

## ഗദ്യകൃതികൾ

- ഗദ്യപ്രാർത്ഥന
- ദൈവചിന്തനം
- ആത്മവിലാസം
- ചിജ്ജഡചിന്തകം

## തർജ്ജമകൾ

- ഗദ്യപ്രാർത്ഥന

PSCNET.in

- ദൈവചിന്തനം
- ആത്മവിലാസം
- ചിജ്ജഡചിന്തകം

## സ്തോത്രകൃതികൾ

- ശിവസ്തോത്രങ്ങൾ
    - ശിവപ്രസാദപഞ്ചകം
    - സദാശിവദർശനം
    - ശിവശതകം
    - അർദ്ധനാരീശ്വരസ്തവം
    - മനനാതീതം (വൈരാഗ ദശകം)
    - ചിജ്ജഡ ചിന്തനം
    - കുണ്ഡലിനീപാട്ട്
    - ഇന്ദ്രിയവൈരാഗ്യം
    - ശിവസ്തവം (പ്രപഞ്ചസൃഷ്ടി)
    - കോലതീരേശസ്തവം
    - സ്വാനുഭവഗീതി (വിഭുദർശനം)

    - പിണ്ഡനന്ദി
    - ചിദംബരാഷ്ടകം
    - തേവാരപതികങ്ങൾ
- സുബ്രഹ്മണ്യസ്തോത്രങ്ങൾ
    - ഷൺമുഖസ്തോത്രം
    - ഷൺമുഖദശകം
    - ഷാൺമാതു രസ്തവം
    - സുബ്രഹ്മണ്യ കീർത്തനം
    - നവമഞ്ജരി
    - ഗുഹാഷ്ടകം
    - ബാഹുലേയാഷ്ടകം
- ദേവീസ്തോത്രങ്ങൾ
    - ദേവീസ്തവം
    - മണ്ണന്തല ദേവീസ്തവം
    - കാളീനാടകം
    - ജനനീനവരത്നമഞ്ജരി

PSCNET.in

    - ഭദ്രകാളീ അഷ്ടകം

- വിഷ്ണുസ്തോത്രങ്ങൾ

    - ശ്രീ വാസുദേവാഷ്ടകം

    - വിഷ്ണ്വഷ്ടകം

## സ്മാരകങ്ങൾ

- **ആദ്യമായി ഭാരതീയ തപാൽ മുദ്രണത്തിൽ പ്രത്യക്ഷപ്പെട്ട കേരളീയൻ ശ്രീനാരായണഗുരുവാണ്.**
- **രൂപാ നാണയത്തിൽ മുദ്രണം ചെയ്യപ്പെട്ട ആദ്യ കേരളീയ വ്യക്തിയും അദ്ദേഹമാണ്.**

## വിപ്ലവകരമായ ഉപദേശങ്ങൾ

- **ജാതിയുണ്ടെന്ന് വിശ്വസിക്കരുത്**
    - **മേൽജാതി എന്നും കീഴ്ജാതി എന്നും ഉള്ള വേർതിരിവ് സ്വാർത്ഥൻമാരുണ്ടാക്കിയ കെട്ടുകഥമാത്രമാണ്. അതിനെ**

PSCNET.in

സമ്മതിച്ചുകൊടുക്കേണ്ട കാര്യമില്ല. മേൽജാതി ഉണ്ടെന്ന വിശ്വാസം ആത്മാവിന്റെ സ്വച്ഛന്ദതയെ തടഞ്ഞ് അഭിവൃദ്ധിയെ നശിപ്പിച്ച് ജീവിതം കൃപണവും നിഷ്പ്രയോജനവും ആക്കി തീർക്കുന്നു. അതുപോലെ കീഴ്ജാതി ഉണ്ടെന്ന വിശ്വാസം മനസ്സിൽ അഹങ്കാരവും ദുരഭിമാനവും വർദ്ധിപ്പിച്ച് ജീവിതത്തെ പൈശാചികമാക്കി നശിപ്പിക്കുന്നു.

- വിദ്യാഭ്യാസം വർദ്ധിപ്പിക്കണം
    - മനുഷ്യന്റെ എല്ലാ ഉയർച്ചകളും അവന്റെ വിദ്യാഭ്യാസത്തെ ആശ്രയിച്ചിരിക്കുന്നു. വിദ്യാഹീനർക്ക് ശരിയായ സ്വാതന്ത്ര്യബോധം ഉണ്ടാവാനിടയില്ല. അതുകൊണ്ട് വിദ്യ പഠിക്കണം, അത് പഠിപ്പിക്കണം, അതിനുള്ള എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുകയും വേണം.
- ദുർദ്ദേവതകളെ ആരാധിക്കരുത്
    - മതസംബന്ധമായ മൂഢവിശ്വാസം പാടില്ല. ഒരു മതത്തേയും ദ്വേഷിക്കരുത്.
- പ്രാണിഹിംസ ചെയ്യരുത്

  - ഹിംസയേക്കാൾ വലിയ പാപമില്ല. ഈശ്വരന്റെ പേരിൽ ഹിംസ നടത്തുന്നത് പരിഹാരമില്ലാത്ത മഹാപാപമാണ്. പ്രാണികളെ ബലികൊടുക്കുന്ന ക്ഷേത്രങ്ങളിൽ പോകുകയോ തൊഴുകയോ ചെയ്യരുത്.

- വ്യവസായം വർദ്ധിപ്പിക്കണം
  - ധനസമ്പാദനത്തിനുള്ള മാർഗ്ഗം ഇതു മാത്രമാണ്. സാധുക്കൾക്ക് തൊഴിലുകൾ ഉണ്ടാക്കികൊടുക്കണം. ഭിക്ഷയോ ദാനമോ കൊടുക്കുന്നതിനേക്കാൾ ഉത്തമമാണ് തൊഴിൽ നല്കുന്നത്.

- കള്ളുചെത്ത് കളയണം
  - മദ്യം ബുദ്ധിയേയും ആരോഗ്യത്തെയും നശിപ്പിക്കുന്നു. അത് ഉണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത്. ചെത്തുകാരനെ കണ്ടാൽ കശാപ്പുകാരനെ കാണുന്നതിനേക്കാൾ വെറുപ്പ് കാണും. വലിയ ലാഭമുണ്ടായാൽ പോലും പാപകരമായ തൊഴിൽ ചെയ്യരുത്.

PSCNET.In

## ഗുരുവിനെ പറ്റി പ്രമുഖർ

- **ഭാരതത്തിൽ ഇന്ന് ജീവിച്ചിരിക്കുന്ന പരമഹംസന്മാരിൽ സ്വാമിയെപ്പോലെ പരിശുദ്ധാത്മാവായി മറ്റൊരാളുമില്ല - രബീന്ദ്രനാഥ ടാഗോർ**
- **ശ്രീ നാരായണ ഗുരുവിനെ ഒരു മൂന്നാംകിട ദൈവം എന്നതിലുപരി ഒരു ഒന്നാംകിട മനുഷ്യനായി കാണണം - അയ്യൻകാളി**
- **ഞാൻ ദൈവത്തെ മനുഷ്യരൂപത്തിൽ കണ്ടു. അത് കേരളത്തിന്റെ തെക്കേ അറ്റത്ത് വാണരുളുന്ന ശ്രീ നാരായണ ഗുരു വല്ലാതെ മറ്റാരുമല്ല - ദീനബന്ധു സി.എഫ്.ആൻഡ്രൂസ്**

PSCNET.in

Click Here to Join

WhatsApp Group

For More Notes:

PSCNET.in

https://www.pscnet.in